ലിയന് തിരുവനന്തപുരത്ത് 50 ഏക്കർ സ്ഥലം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത്രയും സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാത്തതെന്തുകൊണ്ടാണ്; വിവരം വെളിപ്പെടുത്തുമോ;

(ഡി) ദ്രുതകർമ്മസേനയുടെ ദക്ഷിണമേഖലാ ആസ്ഥാനം കേരളത്തിൽ തിരുവനന്തപുരത്തുതന്നെ നിലനിർത്തുന്നതിനുള്ള അടിയന്തിരനടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി,ഡി) സി.ആർ.പി.എഫ്. അധികാരികൾ തിരുവനന്തപുരത്തോ എറണാകുളത്തോ 50 ഏക്കർ സ്ഥലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തിരുവനന്തപുരം/എറണാകുളം ജില്ലാ കലക്ടറുമായി ബന്ധപ്പെട്ടെങ്കിലും ഇതുവരെയും സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിനനുവദിച്ച റാപ്പിട് ആക്ഷൻ ഫോഴ്സ് ബറ്റാലിയനും, റിക്രൂട്ട്സ് ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ പെരിങ്ങാം വില്ലേജിൽപ്പെട്ട 111.6640 ഹെക്ടർ സ്ഥലം സൗജന്യമായി വിട്ടു കൊടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം ആർ.എ.എഫ്. ബറ്റാലിയൻ സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലെന്നും. ആർ.റ്റി.സി.യും ഫയറിംഗ്റേഞ്ചും സ്ഥാപിക്കാവുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചു. ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം പ്രസ്തുത സ്ഥലം മുഴുവൻ ആർ.റ്റി.സി.യും ഫയറിംഗ് റേഞ്ചും സ്ഥാപിക്കുന്നതിനായി സി.ആർ.പി. എഫിന് സൗജന്യമായി കൈമാറ്റം ചെയ്യാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 21-6-2000-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം ആർ.റ്റി.സി. പെരിങ്ങോമിലേക്ക് മാറ്റുമ്പോൾ പള്ളിപ്പുറത്ത് ആർ.എ.എഫ് ബറ്റാലിയന് ആവശ്യമായ സ്ഥലം ലഭ്യമാകില്ലേ എന്ന വിവരം സി.ആർ.പി.എഫ്. കമാന്റിനോട് ആരാഞ്ഞിട്ടുണ്ട്. കൂടാതെ ആർ.എ.എഫ്. ബറ്റാലിയൻ തിരുവനന്തപുരത്ത് തന്നെ നിലനിറുത്തണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

48(66) ഡി.ജി.പി.യുടെ അവധി

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലൈ മാസത്തിൽ ഡി.ജി.പി. അവധിയിൽ പോകുകയുണ്ടായോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) പോലീസ് രഹസ്യാന്വേഷണ വിഭാഗം ഡി.ഐ.ജി-യായിരുന്ന സെൻ കുമാറിനെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) അവധിയിൽ പോകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യക്തിപരമായ കാരണങ്ങളായിരുന്നു.

(സി) മാറ്റുകയുണ്ടായി.

(ഡി) 15.7.2000-ൽ അന്നത്തെ ഇന്റലിജൻസ് ഡി.ഐ.ജി.-യായിരുന്ന ശ്രീ.സെൻ കുമാർ ഡി.ജി.പി.-ക്കു സമർപ്പിച്ചിരുന്ന ഒരു രഹസ്യ ഇന്റലിജൻസ് റിപ്പോർട്ട്, 16.7.2000-ലെ ഒരു പത്രത്തിൽ അച്ചടിച്ചുവന്നിരുന്നു. ഈ ചോർച്ച അതീവ ഗുരുതരമായി ഗവൺമെന്റ് കാണുകയും ഇതേത്തുടർന്ന് ശ്രീ.സെൻ കുമാറിന്റെ വിശദീകരണം ആവശ്യപ്പെടുവാനും അദ്ദേഹത്തെ ഇന്റെലിജൻസ് ഡി.ഐ.ജിയുടെ ചുമതലയിൽ നിന്നും മാറ്റി നിർത്തുവാനും സർക്കാർ തീരുമാനിക്കുകയും ചെയ്തു.

49(67) പി.എസ്.സി. വഴി നേരിട്ടുള്ള സബ് ഇൻസ്പെക്ടർ നിയമനം

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ഏതെല്ലാം വിഭാഗങ്ങളിലേക്കാണ് പി.എസ്.സി. വഴി നേരിട്ടുള്ള സബ് ഇൻസ്പെക്ടർ നിയമനമുള്ളത്; ഓരോ വിഭാഗത്തിലും നേരിട്ടുള്ള നിയമനം എത്ര ശതമാനം വീതമാണ്;

(ബി) ഈ നിയമനങ്ങൾക്കെല്ലാം സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) എല്ലാ വിഭാഗങ്ങളിലേക്കുമുള്ള പി.എസ്.സി. നിയമനങ്ങൾക്ക് ഓരോ വിദ്യാഭ്യാസയോഗ്യതയും തെരഞ്ഞെടുപ്പ് രീതിയുമാണോ;

(ഡി) ഓരോ വിഭാഗങ്ങളിലും ഇങ്ങനെ നേരിട്ട് നിയമനം ലഭിക്കുന്ന സബ് ഇൻസ്പെക്ടർമാരുടെ പരമാവധി പ്രമോഷൻ സാധ്യത ഏത് തസ്തിക വരെയാണെന്ന് വിശദമായി തരം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇങ്ങനെ നേരിട്ട് നിയമനം ലഭിച്ച സബ് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ സാധ്യത ഒരുപോലെയല്ലെങ്കിൽ ഈ വിവേചനം മാറ്റുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്, ജില്ലാ സായുധവിഭാഗം, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ വിഭാഗങ്ങളിലേക്ക് പി.എസ്.സി. വഴി നേരിട്ട് സബ് ഇൻസ്പെക്ടർ നിയമനം നടത്തുന്നുണ്ട്. ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലേക്ക് 50 ശതമാനവും ജില്ലാ സായുധവിഭാഗത്തിലേക്ക് 50 ശതമാനവും ആംഡ് പോലീസ് ബറ്റാലിയനിലേക്ക് 25 ശതമാനവും നേരിട്ട് നിയമനം നടത്തിവരുന്നു.

(ബി) ആംഡ് പോലീസ് ബറ്റാലിയൻ സബ് ഇൻസ്പെക്ടർ നിയമനത്തിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. മറ്റു രണ്ടു വിഭാഗങ്ങളിലെ സബ് ഇൻസ്പെക്ടർ നിയമനത്തിന് എക്സിക്യൂട്ടീവ് ഉത്തരവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly